| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| ഒമ്പതാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1049 | | 13-06-2013 - ൽ മറുപടിക്ക് | |
| ഹയർ സെക്കണ്ടറി വിഭാഗത്തിലെ ലാബ് അസിസ്റ്റന്റ് തസ്തികകൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഹയർ സെക്കണ്ടറി വിഭാഗത്തിൽ സ്പെഷ്യൽ റൂൾ നിലവിൽ വന്നത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ; | (എ) | സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ഹയർ സെക്കണ്ടറി സ്കൂളുകളിലേക്കുള്ള സ്പെഷ്യൽ റൂൾസ് നിലവിൽ വന്നത് 16.04.2001 ലും എയ്ഡഡ് മേഖലയിൽ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നത് 09.11.2001-ലുമാണ്. |
| (ബി) | ഇതനുസരിച്ച് എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും നേരിട്ടുള്ള നിയമനത്തിന്റെയും തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന്റെയും അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളിലെ ഹയർസെക്കണ്ടറി അദ്ധ്യാപകരുടെ തസ്തികമാറ്റം വഴിയുള്ള നിയമനത്തിന്റെയും നേരിട്ടുള്ള നിയമനത്തിന്റെയും അനുപാതം 1:3 ആണ്. എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ അനധ്യാപകരുടേതായി ലാബ് അസിസ്റ്റന്റ്മാരുടെ തസ്തികകൾ മാത്രമേ സൃഷ്ടിച്ചിട്ടുള്ളു. ഇതിൽ 25 ശതമാനം തസ്തികകൾ തസ്തികമാറ്റം വഴിയും 75 ശതമാനം തസ്തികകളിൽ നേരിട്ടും നിയമനം നടത്തണം എന്ന് സ്പെഷ്യൽ റൂളിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ 1:1 അനുപാതത്തിലാണ് നിയമനം നടന്നുവരുന്നത്. |
| (സി) | ഹയർ സെക്കണ്ടറി നിലവിൽ വന്ന സമയത്ത് ലാബ് അസിസ്റ്റന്റുമാരുടെ എത്ര തസ്തിക ഉണ്ടായിരുന്നു എന്നും ഇതിലേക്ക് നിയമനം നടത്തിയത് എങ്ങനെയായിരുന്നു എന്നും വ്യക്തമാക്കുമോ; | (സി) | 01.02.1991 ലെ ജി.ഒ(എം.എസ്) നമ്പർ 18/91 /പൊ.വി.വ പ്രകാരം ഓരോ ലാബിനും (ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി) ഓരോ ലാബ് അസിസ്റ്റന്റ് വീതം പരമാവധി 4 തസ്തികകൾ വീതം അനുവദിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം അതാത് മാനേജ്മെന്റിന് |

| | | | |
|---|---|---|---|
| | | | കീഴിലെ ഹൈസ്കൂളുകളിലെ യോഗ്യതയുള്ള ക്ലാസ്സ് ഫോർ ജീവനക്കാരെ പ്രമോഷനിലൂടെ നിയമിക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്. |
| (ഡി) | നിലവിൽ ലാബ് അസിസ്റ്റന്റുമാരുടെ എത്ര തസ്തികകൾ ഉണ്ടെന്നും എന്നുമുതലാണ് ഇതിൽ കുറവ് വരുത്തിയത് എന്നും വ്യക്തമാക്കുമോ; | (ഡി) | നിലവിൽ ഒരു സ്കൂളിൽ 2 ലാബ് അസിസ്റ്റന്റുമാരെയാണ് നിയമിക്കുന്നത്. 28.03.2003 ലെ ജി.ഒ.(എം.എസ്) നമ്പർ 79/2003/പൊ.വി.വ. ഉത്തരവ് പ്രകാരമാണ് ലാബ് അസിസ്റ്റന്റുമാരുടെ എണ്ണം 2 ആയി നിജപ്പെടുത്തിയത്. |
| (ഇ) | മലബാർ മേഖലയിൽ പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രസ്തുത തസ്തിക എത്രയുണ്ടെന്നും എന്നാണ് തസ്തിക നിർണ്ണയം നടന്നത് എന്നും വ്യക്തമാക്കുമോ; | (ഇ) | ലാബ് അസിസ്റ്റന്റുമാരുടെ 272 തസ്തികകൾ താഴെ പറയും പ്രകാരം സൃഷ്ടിച്ചു.<br>23.02.2013 ലെ ജി.ഒ(എം.എസ്) നമ്പർ 76/13/പൊ.വി.വ പ്രകാരം 136 ലാബ് അസിസ്റ്റന്റ് തസ്തികകളും 15.05.2013 ലെ ജി.ഒ(എം.എസ്) നമ്പർ 165/13/പൊ.വി.വ പ്രകാരം 136 ലാബ് അസിസ്റ്റന്റ് തസ്തികകളും സൃഷ്ടിച്ചു. |
| (എഫ്) | പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനം നടത്തേണ്ടത് ഏതു വിധത്തിലാണെന്നും ഇതിന്റെ അനുപാതം എത്രയാണെന്നും വ്യക്തമാക്കുമോ? | (എഫ്) | 1:1 എന്ന അനുപാതത്തിൽ ആദ്യം നേരിട്ടുള്ള നിയമനം മുഖേനയും രണ്ടാമത്തെ തസ്തികയിൽ തസ്തികമാറ്റം മുഖേനയുമാണ് നിയമനം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ